## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 5830 02.07.2019 -ൽ മറുപടിക്ക്

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താൽക്കാലിക നിയമനങ്ങൾ

**ചോദ്യം**

**ശ്രീ.പി.വി. അൻവർ**

**ഉത്തരം**

ശ്രീ. ടി.പി. രാമകൃഷ്ണൻ

(തൊഴിലും എക് സൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വിവിധ വകുപ്പുകളിൽ നിലവിലുള്ള താൽക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയല്ല എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; | (എ) | ചില ഓഫീസുകളിലെ നിയമനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ വിവിധ വകുപ്പുകളിലെ താൽക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നടത്താൻ നടപടി സ്വീകരിക്കുമോ ; | (ബി) & (സി) | 1959 ലെ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് പ്രകാരം എല്ലാ സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെയും ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കേണ്ടതാണ്. സംസ്ഥാനത്തുള്ള സർക്കാർ വകുപ്പുകൾ/ പൊതുമേഖലാ സ്ഥാപനങ്ങൾ/ ബോർഡുകൾ/ കമ്പനികൾ/ കോർപ്പറേഷനുകൾ/ സർക്കാർ ഗ്രാന്റിൽ പ്രവർത്തിക്കുന്ന മറ്റു സ്ഥാപനങ്ങൾ എന്നിവിടങ്ങളിലുള്ള പബ്ലിക് സർവീസ് കമ്മീഷന്റെ പരിധിക്ക് പുറത്ത് വരുന്ന ഒഴിവുകൾ നികത്തുന്നത് ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന 1959 ലെ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി മാത്രമായിരിക്കേണ്ടതാണെന്നും ഇതിന് വിപരീതമായി പ്രവർത്തിക്കുന്ന വകുപ്പ് മേധാവികൾക്കും/തലവന്മാർക്കുമെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും വിവിധ സ്ഥാപനങ്ങളിൽ സി.എൻ.വി ആക്ട് പ്രകാരമുള്ള പരിശോധന |
| (സി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ മറികടന്ന് വിവിധ വകുപ്പുദ്യോഗസ്ഥർ നടത്തുന്ന അനധികൃത താൽക്കാലിക നിയമനങ്ങൾ തൊഴിൽ വകുപ്പിന്റെ ശ്രദ്ധയിൽ-പ്പെടുത്തിയാൽ നടപടി സ്വീകരിക്കുമോ ; | | |

| | | | |
|---|---|---|---|
| | | | നടത്തുമ്പോഴോ അനധികൃതനിയമനം സംബന്ധിച്ച് പരാതി ലഭിക്കുമ്പോൾ നടത്തുന്ന പരിശോധനയിലോ അനധികൃത നിയമനങ്ങൾ നടത്തിയിട്ടുള്ളതായി ശ്രദ്ധയിൽ പെട്ടാൽ പ്രസ്തുത താത്കാലിക നിയമനങ്ങൾ റദ്ദ് ചെയ്ത് ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്തുന്നതിന് ഉദ്യോഗദായകന് കർശന നിർദ്ദേശം നൽകുകയും, ആവശ്യമായ തുടർ നടപടി സ്വീകരിക്കുകയും ചെയ്യാറുണ്ട്. |
| (ഡി) | താൽക്കാലിക നിയമനങ്ങൾ എത്ര കാലത്തേക്കാണ് നടത്താറുള്ളത്; ഇതിനുള്ള നടപടി ക്രമങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ; | (ഡി) | KS & SSR rule 9(എ)(1) പ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള താത്കാലിക നിയമനങ്ങൾ 180 ദിവസത്തേയ്ക്കാണ് നടത്തേണ്ടത്. സംസ്ഥാന സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങൾ/ കമ്പനികൾ/കോർപ്പറേഷനുകൾ/ബോർഡുകൾ/ സർക്കാർ ഗ്രാന്റിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ എല്ലാവിധ താത്കാലിക നിയമനങ്ങളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിച്ച് നിയമനം നടത്തണമെന്ന് സർക്കാർ ഉത്തരവായിട്ടുണ്ട്. അപ്രകാരം ഒഴിവുകൾ അറിയിക്കുമ്പോൾ പ്രായ പരിധി, വിദ്യാഭ്യാസ യോഗ്യത, സംവരണം, സീനിയോറിറ്റി, മറ്റ് മാനദണ്ഡങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഒഴിവുകൾ പൂൾ ചെയ്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പരിപാലിച്ച് പോരുന്ന കമ്മ്യൂണൽ റൊട്ടേഷൻ റോസ്റ്റർ അനുസരിച്ച് ബുക്ക് ചെയ്ത് ജില്ലാതല സർക്കുലേഷൻ നടത്തി യോഗ്യരായ ഉദ്യോഗാർത്ഥികളുടെ നാമനിർദ്ദേശ പട്ടിക ഉദ്യോഗദായകർക്കു നൽകുന്നു ആയതിൽ നിന്നും ഉദ്യോഗദായകർ ടെസ്റ്റ്/ഇന്റർവ്യൂ നടത്തി യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നു. |
| (ഇ) | ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ റിപ്പോർട്ട് ചെയ്യാത്തത് കൊണ്ടാണോ എക്സ്ചേഞ്ച് വഴിയല്ലാതെ ചില നിയമനങ്ങൾ നടന്നത്; വിശദമാക്കാമോ ? | (ഇ) | വിവിധ വകുപ്പുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഉദ്യോഗദായകർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിക്കുന്ന ഒഴിവുകളിൽ സീനിയോറിറ്റി, വിദ്യാഭ്യാസ യോഗ്യത, പ്രായം, മുൻഗണന, സാമുദായിക സംവരണം തുടങ്ങി |

| | | | |
|---|---|---|---|
| | | | നിലവിലുള്ള സർക്കാർ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഉദ്യോഗാർത്ഥികളെ നാമനിർദ്ദേശം ചെയ്ത ലിസ്റ്റ് നൽകുകയാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ചെയ്യുന്നത്. ചില ഉദ്യോഗദായകരെങ്കിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ അറിയിക്കാതെ താൽക്കാലിക നിയമനങ്ങൾ നടത്തിയതായി ശ്രദ്ധയിൽ-പ്പെട്ടിട്ടുണ്ട്. ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും വിവിധ സ്ഥാപനങ്ങളിൽ സി.എൻ.വി ആക്ട് പ്രകാരമുള്ള പരിശോധന നടത്തുമ്പോഴോ അനധികൃത നിയമനം സംബന്ധിച്ച് പരാതി ലഭിക്കുമ്പോൾ നടത്തുന്ന പരിശോധനയിലോ അനധികൃത നിയമനങ്ങൾ നടത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടാൽ പ്രസ്തുത താത്കാലിക നിയമനങ്ങൾ റദ്ദ് ചെയ്ത ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്തുന്നതിന് ഉദ്യോഗദായകന് കർശന നിർദ്ദേശം നൽകുകയും ആവശ്യമായ തുടർ നടപടി സ്വീകരിക്കുകയും ചെയ്യാറുണ്ട്. |

**സെക്ഷൻ ഓഫീസർ**